നം.ഇ.എക്സ്.എ3/52400/2017/സിജിഇ.

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 08/11/2018.

## സർക്കുലർ

വിഷയം:- പൊ.വി. - ഡിപ്ളോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഹിന്ദി) പരീക്ഷ മാർച്ച് 2018 - മാർക്കുകളുടെ റീവാല്യൂവേഷൻ/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനുളള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഡിപ്ളോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഹിന്ദി) പരീക്ഷ മാർച്ച് 2018-ന്റെ 05/01/2018 തീയതിയിലെ ഇ.എക്സ്.എച്ച്1/44717/2018/സിജിഇ. നമ്പർ പ്രകാരമുളള പരീക്ഷാ വിജ്ഞാപനം.

സൂചന പ്രകാരം നടത്തിയ ഡിപ്ളോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഹിന്ദി) പരീക്ഷയുടെ ഫലം 01/10/2018 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പരീക്ഷയുടെ പേപ്പറുകൾ റീവാല്യൂവേഷൻ/ സ്ക്രൂട്ടിണി ചെയ്യുന്നതിന് ലഭിക്കുന്ന അപേക്ഷകൾ 2018 നവംബർ 22-ാംതീയതി വരെ ഇൻസ്റ്റിറ്റ്യൂട്ട് മേലധികാരി സ്വീകരിക്കേണ്ടതും 2018 നവംബർ 27-ാം തീയതിയ്ക്കുളളിൽ ഈ ആഫീസിൽ എത്തിക്കേണ്ടതുമാണ്. തപാൽ മാർഗ്ഗമാണ് അയയ്ക്കുന്നതെങ്കിൽ കവറിന് പുറത്ത് **ഡിപ്ളോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഹിന്ദി) പരീക്ഷ മാർച്ച് 2018** എന്ന് രേഖപ്പെടുക്കേണ്ടതും **സൂപ്രണ്ട്, എ-സെക്ഷൻ പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതുമാണ്. റിസൽട്ടിൽ ഗ്രേഡ് മാറ്റം വരുന്ന പക്ഷം സൂചന വിജ്ഞാപന പ്രകാരം അപേക്ഷകന് ഫീസ് തിരികെ നൽകേണ്ടതും ബാക്കി തുക ട്രഷറിയിൽ അടയ്ക്കേണ്ടതുമാണ്. പരീക്ഷാ വിജ്ഞാപനത്തിൽ അനുബന്ധം (1) ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ മാത്രമാണ് റീകൗണ്ടിംഗിന് വേണ്ടി അപേക്ഷ അയയ്ക്കേണ്ടത്. നിർദ്ദിഷ്ട ഫാറത്തിൽ ലഭിക്കാത്തതും, ഫീസ് ഒടുക്കാത്തതും, പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താത്തതും, തെറ്റായ പരീക്ഷാ വിവരങ്ങൾ രേഖപ്പെടുത്തിയതും,

നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതുമായ അപേക്ഷകൾ മറ്റൊരു അറിയിപ്പു കൂടാതെ തന്നെ ഈ ഓഫീസ് നിരസിക്കുന്നതാണ്. .

**ലാൽ.കെ.ഐ.**
**സെക്രട്ടറി**

1. എല്ലാ ഇൻസ്റ്റിറ്റ്യൂട്ടുകളിലേയും മേലധികാരികൾക്ക്
2. സിസ്റ്റം മാനേജർ (പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നിർദ്ദേശം നൽകുന്നു).
3. സൂപ്രണ്ട്, എച്ച് സെക്ഷൻ
4. ഓഫീസ് കോപ്പി.